## പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ: 1773 — 31.01.2018-ൽ മറുപടി പറയേണ്ടത്

### മുക്കൂട്ടുതറ ഗ്രാമപഞ്ചായത്ത് രൂപീകരിക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.സി.ജോർജ് | | ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയം ഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | വിസ്തൃതി കൂടിയ ഗ്രാമപഞ്ചായത്തുകൾ വിഭജിച്ച് പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്ന നടപടികൾ ഏതു ഘട്ടം വരെയായി എന്ന് വിശദമാക്കാമോ; | (എ), (ബി) & (സി) | 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് (4) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശം വിപുലപ്പെടുത്തുകയോ, കുറയ്ക്കുകയോ, പരിവർത്തനപ്പെടുത്തുകയോ ചെയ്യുന്ന ഏതൊരു മാറ്റവും, ആ പഞ്ചായത്തിന്റെ നിലവിലുള്ള ഭരണസമിതിയുടെ കാലാവധി തീരുന്ന മുറയ്ക്കല്ലാതെ പ്രാബല്യത്തിൽ വരുത്താൻ പാടുള്ളതല്ല എന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാൽ അടുത്ത തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിന് മുന്നോടിയായി മാത്രമേ പഞ്ചായത്ത് വിഭജനം പരിഗണിക്കാൻ സാധിക്കുകയുള്ളൂ. |
| (ബി) | കോട്ടയം ജില്ലയിലെ എരുമേലി ഗ്രാമപഞ്ചായത്തിനെ വിഭജിച്ച് മുക്കൂട്ടുതറ ഗ്രാമപഞ്ചായത്ത് രൂപീകരിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടം വരെയായി എന്ന് വിശദമാക്കാമോ; | | |
| (സി) | നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ മുക്കൂട്ടുതറ ഗ്രാമപഞ്ചായത്ത് രൂപീകരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ

| | | | |
|---|---|---|---|
| (സി) | പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ : | | പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>വേനൽക്കാലങ്ങളിൽ സ്ഥിരമായി വറ്റുന്ന കിണറുകൾ, ഉപ്പുരസം, ഓര്, ഇരുമ്പ്, ഫ്ലൂറൈഡ് തുടങ്ങിയവയുടെ ആധിക്യമുള്ള കിണറുകൾ, വേനൽക്കാലങ്ങളിൽ ടാങ്കറിൽ വെള്ളം എത്തിക്കുന്ന പ്രദേശങ്ങളിലെ കിണറുകൾ, മറ്റ് ജലസ്രോതസ്സുകളെ സ്ഥിരമായി ആശ്രയിക്കുന്നതുമായ സ്ഥലങ്ങൾ എന്നിവയാണ് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിൽ മുൻഗണന നൽകുന്നത്.<br>പദ്ധതിയുടെ ആദ്യഘട്ടമായി സംസ്ഥാനത്തെ നിയമസഭാ മണ്ഡലങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഓരോ ഗ്രാമ പഞ്ചായത്തുകളെ ഉൾപ്പെടുത്തി 142 ഗ്രാമ പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്.<br>പദ്ധതിയുടെ ഗുണഭോക്താക്കൾ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ കാർഡ് എടുത്തിട്ടുള്ളവരും, അവരുടെ പുരയിടത്തിൽ നടക്കുന്ന റീചാർജ്ജ് പ്രവൃത്തിയിൽ ഒരു തൊഴിലാളിയായി പങ്കെടുക്കുവാൻ സന്നദ്ധതയുള്ളവരുമായിരിക്കണം. |
| (ഡി) | തിരുവനന്തപുരം ജില്ലയിൽ എവിടെയെല്ലാമാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | | അമ്പൂരി, കുളത്തൂർ, കാട്ടാക്കട, പൂവച്ചൽ, ബാലരാമപുരം, പള്ളിച്ചൽ, കോട്ടുകാൽ, പോത്തൻകോട്, അണ്ടൂർകോണം, കരകുളം, നന്ദിയോട്, കിളിമാനൂർ, ചിറയിൻകീഴ്, ഇലകമൺ എന്നീ ഗ്രാമ പഞ്ചായത്തുകളിലാണ് തിരുവനന്തപുരം ജില്ലയിൽ നിലവിൽ ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. |

**സെക്ഷൻ ഓഫീസർ**